## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 1690 — 04.10. 2016 ൽ മറുപടിക്ക്

### കെ.എസ്.ഇ.,ബി.മസ്ദൂർ തസ്തികയിലുള്ള ഒഴിവുകൾ

**ചോദ്യം**
ശ്രീ. എം.രാജഗോപാലൻ

**ഉത്തരം**
ശ്രീ.കടകംപള്ളി സുരേന്ദ്രൻ
(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) നിലവിലുള്ള കെ.എസ്.ഇ.ബി. മസ്ദൂർ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്നതിനായി നാളിതു വരെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ; | (എ) റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു. (30.09.2013 മുതൽ റിപ്പോർട്ട് ചെയ്തവ) (1) തിരുവനന്തപുരം-363, (2) കൊല്ലം-25, (3) പത്തനംതിട്ട-35, (4) ആലപ്പുഴ-239, (5) കോട്ടയം-53, (6) എറണാകുളം-34, (7) ഇടുക്കി-58, (8) തൃശ്ശൂർ-256, (9) കോഴിക്കോട്-439, (10) മലപ്പുറം-232, (11) വയനാട്-14, (12) പാലക്കാട്-203, (13) കണ്ണൂർ-204, (14) കാസർഗോഡ്-94. |
| (ബി) കഴിഞ്ഞ ലിസ്റ്റിൽ നിന്നും ശരാശരി 300 ൽ അധികം ഒഴിവുകളിൽ നിയമനം നടത്തിയപ്പോൾ നിലവിലുള്ള ലിസ്റ്റിൽ നിന്നും കേവലം 100 ൽ താഴെ മാത്രം ഒഴിവുകൾ മാത്രം നികത്താനുണ്ടായ കാരണം വ്യക്തമാക്കാമോ ; | (ബി) 7.02.2014 മുതൽ ഇതുവരെ 2244 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് കെ.പി.എസ്.സി-യെ അറിയിക്കുന്നുണ്ട്. |
| (സി) ഷിഫ്റ്റ് സമ്പ്രദായം 2 ജില്ലകളിൽ തീരുമാനമുണ്ടായിട്ടും നടപ്പിലാക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) ഷിഫ്റ്റ് സമ്പ്രദായം രണ്ട് ജില്ലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന വിഷയം കെ.എസ്.ഇ.ബി ലിമിറ്റഡ് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയുടെ പരിഗണനയിലാണ്. |
| (ഡി) പുതുതായി 30 ഓളം സെക്ഷൻ ഓഫീസുകൾ അനുവദിച്ചുവെങ്കിലും ഇവിടങ്ങളിൽ തസ്തികകൾ അനുവദിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ ; | (ഡി) 31 പുതിയ സെക്ഷനുകൾ അനുവദിച്ചുകൊണ്ടുള്ള ബോർഡ് ഉത്തരവ് പ്രകാരം ടി സെക്ഷനുകളിലേക്ക് ബോർഡിൽ നിലവിലുള്ള ജീവനക്കാരെ പുനർവിന്യസിക്കാൻ തീരുമാനിച്ചിട്ടുള്ളതിനാൽ പുതിയ തസ്തികകൾ അനുവദിച്ചിട്ടില്ല. |

| | |
|---|---|
| (ഇ) . ലൈൻമാൻ, ഓവർസീയർ തസ്തികയിൽ ആയിരക്കണക്കിന് ഒഴിവുകൾ ഉണ്ടായിട്ടും നിലവിലുള്ള മസ്ദൂർമാർക്ക് പ്രമോഷൻ നല്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ? | (ഇ) ലൈൻമാൻ, ഓവർസീയർ തസ്തികയിലെ ഒഴിവുകൾ തിട്ടപ്പെടുത്തി വരുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ